**File No.DIC/12157/2018-EC1**

**വ്യവസായ വാണിജ്യ ഡയറക്ടർ (i/c) നടപടിക്രമം**

(അവതരണം :കെ.എസ്.പ്രദീപ്കുമാർ)

നം. DIC/12157/2018-EC1

തീയതി : 10/04/2019

വിഷയം:- വ്യവസായം- ജീവനക്കാര്യം- വകുപ്പ് മുഖേന ജെ.ഡി.സി പരിശീലനത്തിന് നിയോഗിച്ച ജീവനക്കാർക്ക് പരീക്ഷാവേളയിൽ ഡ്യൂട്ടി ലീവ് അനുവദിക്കുന്നത്-സംബന്ധിച്ച്.

പരാമർശം:- ജെ.ഡി.സി പരിശീലനത്തിന് നിയോഗിച്ച ജീവനക്കാർ ഡയറക്ടർ സമക്ഷം സമർപ്പിച്ച നിവേദനം.

സംസ്ഥാന സഹകരണ യൂണിയൻ നടത്തി വരുന്ന 2018-2019 വർഷത്തെ ജെ.ഡി.സി പരിശീലന പരിപാടി മാർച്ച് മാസത്തിൽ അവസാനിച്ചതിനേ തുടർന്ന് ഈ വകുപ്പിൽ നിന്നും പരിശീലനത്തിന് നിയോഗിച്ചിട്ടുള്ള ജീവനക്കാർ തിരികെ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. 2019 ഏപ്രിൽ 23-ന് പൊതു തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ അധ്യയന വർഷത്തിലെ ഫൈനൽ പരീക്ഷ 2019 ഏപ്രിൽ 27-ന് ആരംഭിച്ച് 2019 മേയ് 10-ന് അവസാനിക്കും വിധം ആണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ പരിശീലന കേന്ദ്രങ്ങളിൽ ജെ.ഡി.സി പരിശീലനത്തിൽ ഏർപ്പെട്ട ജീവനക്കാർക്ക് നിലവിൽ സേവനം അനുഷ്ഠിക്കുന്ന ഓഫീസുകളിൽ നിന്നും വളരെ ദൂരം യാത്ര ചെയ്ത് പരീക്ഷയ്ക്ക് പോകേണ്ട സാഹചര്യം സംജാതമായിരിക്കുകയാണ്. ആയതിനാൽ ഏപ്രിൽ 27-ാം തീയതി തുടങ്ങി മേയ് 10-ാം തീയതി അവസാനിക്കുന്ന ജെ.ഡി.സി പരീക്ഷാകാലയളവിൽ ഏപ്രിൽ 26 മുതൽ മേയ് 10 വരെയുള്ള മുഴുവൻ ദിവസങ്ങളും ഡ്യൂട്ടി ലീവ് അനുവദിച്ച് നൽകുവാൻ സൂചന മുഖേന ജീവനക്കാർ നിവേദനം സമർപ്പിച്ചിരിക്കുന്നു.

പരീക്ഷാ ടൈം ടേബിൾ പ്രകാരം ഏപ്രിൽ 26.04.2019, 03.05.2019, 07.05.2019, 09.05.2019 ഒഴികെയുള്ള ദിനങ്ങൾ പൊതു അവധിയാണ്. ആയതിനാൽ പരീക്ഷാ ദിനങ്ങളും മേൽ പരാമർശിച്ച നാല് ദിവസങ്ങളും ഡ്യൂട്ടി ലീവായി പരിഗണിക്കുവാൻ കഴിയുന്നതാണ്.

**<u>ഉത്തരവ്</u>**

മേൽ വിവരിച്ച പ്രകാരം 2018-2019 അധ്യയന വർഷത്തിൽ ജെ.ഡി.സി പരിശീലനത്തിന് നിയോഗിച്ച ജീവനക്കാർക്ക് പരീക്ഷാ ദിവസങ്ങൾ കൂടാതെ ഇടയ്ക്കുള്ള പ്രവർത്തി ദിവസങ്ങളായ 26.04.2019, 03.05.2019 07.05.2019, 09.05.2019 എന്നീ തീയതികളും ഡ്യൂട്ടി ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ പ്രസ്തുത ദിവസങ്ങൾ ഡ്യൂട്ടി ലീവ് ആയി പരിഗണിക്കേണ്ടതാണ്.

ഒപ്പ്/-
PRADEEP KUMAR K S
ADDITIONAL DIRECTOR

സ്വീകർത്താവ്:- ടി ഉദ്യോഗസ്ഥർ

പകർപ്പ് :-
1. ഡയറക്ടർ, കയർ വികസന ഓഫീസ്, തിരുവനന്തപുരം
2. ഡയറക്ടർ, കൈത്തറി &ടെക്സ്റ്റൈൽസ് ഓഫീസ്, തിരുവനന്തപുരം
3. എല്ലാ ജനറൽ മാനേജർമാർ/പ്രോജക്ട് ഓഫീസർമാർ.

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്